പാഠം 12 സെപ്തംബർ 15-21

# കൈസര്യയിൽ തടവിൽ

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന്: അ.പ്ര. 24,25,26; 1 കൊരി. 1:23**

**മനഃപാഠവാക്യം: "നീ മാത്രമല്ലാ ഇന്ന് എന്റെ പ്രസംഗം കേൾക്കുന്ന വർ എല്ലാവരും അല്പം കൊണ്ടാകട്ടെ അധികം കൊണ്ടാകട്ടെ ഈ ചങ്ങല ഒഴികെ എന്നേപ്പോലാകണം എന്ന് ഞാൻ ദൈവത്തോട് അപേക്ഷിക്കുന്നു" (അ.പ്ര. 26:29).**

രണ്ടു വർഷത്തെ ജയിൽ വാസത്തിന്റെ തുടക്കമായി പൗലോസിനെ കൈസര്യയിലേക്ക് മാറ്റി. കൂടുതൽ കൃത്യമായി പറഞ്ഞാൽ ഹെരോദാവിന്റെ ആസ്ഥാനത്തേയ്ക്ക്, അത് റോമൻ ഗവർണ്ണറുടെ ഔദ്യോഗിക വസതി യായിരുന്നു. ആ വർഷങ്ങളിൽ രണ്ട് ഗവർണ്ണമാരുടേയും (ഫെലിക്സ്, ഫെസ്തോസ്) ഒരു രാജാവിന്റേയും (അഗ്രിപ്പാ II) മുമ്പിൽ അവന് വിസ്താരമുണ്ടായിരുന്നു. അങ്ങനെ ദൈവം അവന് നൽകിയിരുന്ന ശുശ്രൂഷ പിന്നേയും കൂടുതലായി അവൻ പൂർത്തീകരിക്കുകയായിരുന്നു (അ.പ്ര. 9:15).

എല്ലാ വിസ്താരങ്ങളിലും പൗലൊസ് തന്റെ നിരപരാധിത്വത്തിനുവേണ്ടി അവകാശപ്പെട്ടു. ആരോപണത്തിന്റെ തെളിവിനായി വിവരിക്കുവാൻ സാക്ഷികൾ ഹാജരായിരുന്നില്ല യഥാർത്ഥത്തിൽ എല്ലാ വിശദീകരണങ്ങളും കാണിക്കുവാൻ ഉദ്ദേശിക്കുന്നത് അറസ്റ്റ് ചെയ്യപ്പെടാൻ അർഹതയുള്ള ഒന്നും പൗലോസ് ചെയ്തിട്ടില്ല, അവനെ വിട്ടയയ്ക്കാൻ കഴിയും. അവൻ അത് കൈസരോട് അപേക്ഷിച്ചിട്ടുമില്ല (അ.പ്ര. 26:32). ഈ വിസ്താരങ്ങൾ യേശുവിനെ സാക്ഷീകരിക്കുവാനുള്ള അവസരങ്ങൾ അവന് ഉണ്ടാക്കി യെങ്കിലും വലിയ പ്രത്യാശ ഉയിർപ്പിന്റെ വാഗ്ദത്തത്തിലാണ് കണ്ടത്.

ആ വർഷങ്ങളൊക്കെ ആഴമേറിയ ആശങ്കയുടേതും കഠിനമായ തടവിന്റേതുമായിരുന്നു. ഈ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ഒത്താശ യെരൂശലേമിലെ സഭയിൽനിന്ന് പൗലോസിനു ലഭിച്ചിരുന്നില്ല. അവരുടെ നേതാക്കൾ "ഇപ്പോഴും സന്തോഷത്തോടെ ഓർത്ത ഒരു വിചാരം, ഇതു നിലനിൽക്കുന്ന മുൻവിധിക്ക് വലിയ ഒരളവു വരെ പൗലോസ് ഉത്തരവാദിയാണ്" എന്നാണ്. Ellen G. White, The Acts of the Apostles, P. 403.

**ഫെലിക്സിനു മുമ്പാകെ**

പൗലോസിനെ കൈസര്യയിലേയ്ക്ക് മാറ്റി. അഞ്ചുദിവസങ്ങൾക്കുശേഷം പ്രധാന യഹൂദാ നേതാക്കന്മാരും, മഹാപുരോഹിതനും, ന്യായാധിപ സംഘത്തിൽ ചില അംഗങ്ങളും തെർത്തുല്ലോസ് എന്നു പേരുള്ള നിയമ രംഗത്ത് കഴിവുള്ള ഒരു അഭിഭാഷകനും അടങ്ങുന്ന ഒരു സംഘം യെരൂശലേമിലേക്ക് വന്നു. പൗലൊസിന് എതിരായ പരാതി ഔദ്യോഗി കമായി ഫെലിക്സിന് സമർപ്പിച്ചു. (അ.പ്ര. 24:1-9).

കുറ്റം ആരോപിച്ചവർ ഒരു അഭിഭാഷകനെ നിയമിക്കുന്ന ഏക വിസ്താരമാണ് ഇത്. അവന്റെ സംസാരത്തിൽ ഗവർണ്ണറുടെ ഇഷ്ടം നേടാൻ തെർത്തുല്ലോസ് രസകരമായ ഒരു തന്ത്രം ശ്രമിച്ചുനോക്കി. ഇത് വെറുതേ, സത്യമല്ല അതായത് ഫെലിക്സിന്റെ ഭരണത്തിൻ കീഴിൽ യെഹൂദന്മാർ ദീർഘകാലം സമാധാനത്തിൽ കഴിഞ്ഞു എന്ന്. വാസ്തവത്തിൽ മറ്റൊരു ഗവർണ്ണറും ഇതുപോലെ അടിച്ചമർത്തലും, അക്രമവും നടത്തിയിരുന്നില്ല. ഈ അടിച്ചമർത്തൽ, യെഹൂദന്മാരുടെ ഇടയിൽ റോമാഭരണത്തിനെതിരെ വലിയ തോതിൽ തുറന്ന ശത്രുത ജനിപ്പിച്ചു. വളരെ ബുദ്ധിപരമായി തെർത്തു ല്ലോസ്, ഫെലിക്സിന് രാഷ്ട്രീയ സ്ഥിരത ഉണ്ടാക്കാൻ കഴിയുമെന്നും, അടിച്ചമർത്തലിലൂടെ തന്നെ ഈ പരാതിയും അനുകൂലമായി നേടാൻ കഴിയുമെന്ന ഗവർണ്ണറുടെ ഭരണ നയം തന്നെ അവനെ ബോദ്ധ്യപ്പെടുത്താൻ ഉപയോഗിച്ചു.

അവൻ പൗലൊസിനെതിരേ വ്യക്തമായ മൂന്ന് കുറ്റങ്ങൾ ആരോപിച്ചു കൊണ്ടിരുന്നു. (1) പൗലോസ് ഒരു കലഹക്കാരനാണ്, സാമ്രാജ്യത്തിലുടനീളം യെഹൂദന്മാരുടെ ഇടയിൽ നിരന്തരമായി സമാധാന ലംഘനങ്ങൾ സൃഷ്ടിക്കുന്നു. (അ.പ്ര. 24:5). (2) അവൻ നസ്രേത്തുകാരുടെ ഒരു സംഘ നേതാവാണ് (അ.പ്ര. 24:5). ക്രിസ്ത്യാനിത്വം ആകമാനം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരും, അസ്വസ്ഥത ഉണ്ടാക്കുന്ന ഒരു പ്രസ്ഥാനവുമാണ്. (3) അതുകൂടാതെ അവൻ യെരൂശലേം ദൈവാലയത്തെ മലിനമാക്കാൻ ശ്രമിച്ചു (അ.പ്ര. 24:6).

**വായിക്കുക: അ.പ്ര. 24:10-9 ഓരോ ആരോപണങ്ങൾക്കും പൗലൊസ് എങ്ങനെയാണ് ഉത്തരം നൽകിയത്?**

കൂടുതലായി പൗലൊസ് ഉയർത്തിയ രണ്ടു കാര്യങ്ങൾ കുറ്റം ആരോപിച്ചവരുടെ പരാതി ഇല്ലാതാക്കുന്നതായിരുന്നു.

(1) ആസ്യയിൽ നിന്നുള്ള സാക്ഷികളുടെ അസാന്നിദ്ധ്യം (അ.പ്ര. 24:18,19) വിചാരണ അസാധുവാകാൻ ഏറ്റവും പ്രധാനപ്പെട്ട സേവനം. (2) ഒരാഴ്ചയ്ക്ക്

മുമ്പ് ന്യായാധിപസംഘത്തിന് മുമ്പിൽ പൗലൊസ് പറഞ്ഞ കാര്യം കേട്ട യെഹൂദന്മാർക്ക് മാത്രമേ പറയാൻ കഴിയൂ അതും അവൻ മരിച്ചവരുടെ ഉയിർപ്പിൽ വിശ്വാസിച്ചിരുന്നു എന്നതൊഴിച്ചാൽ പൗലോസിനെ കുറ്റക്കാരനാക്കാൻ അവർക്ക് ഒന്നുമുണ്ടായിരുന്നില്ല. (താരതമ്യം ചെയ്യുക. അ.പ്ര. 23:6).

പൗലൊസിന്റെ വാദത്തിന്റെ ഗൗരവം ഫെലിക്സിന് ഉടൻ മനസ്സിലായി. കാരണം ക്രിസ്ത്യാനിത്വത്തെക്കുറിച്ച് ലളിതമായ ചില കാര്യങ്ങൾ അവൻ മനസ്സിലാക്കിയിരുന്നു, മിക്കവാറും അവന്റെ യഹൂദാ ഭാര്യ ദ്രുസില്ലയിലൂടെ ആയിരിക്കാം. അതിന്റെ വാസ്തവം, അടുത്ത അറിയിപ്പ് വരെ ഇതിന്റെ നടപടികൾ മാറ്റിവെയ്ക്കാൻ ഫെലിക്സ് തീരുമാനിച്ചു (അ.പ്ര. 24:22).

ഫെലിക്സിന്റെ പ്രതികരണം (അ.പ്ര. 24:24–27) അവന്റെ സ്വഭാവത്തെ കൂടുതൽ വെളിപ്പെടുത്തി. അവൻ അവസരവാദിയും, കോഴയാൽ സ്വാധീനിക്കാൻ കഴിയുന്നവനുമായിരുന്നു. ഫെലിക്സിനെപ്പോലെ ഒരാളോടൊത്ത് പൗലൊസിന് ശരിയായ ഒരു വിചാരണയ്ക്ക് വളരെ ചെറിയ സാധ്യതയേ ഉള്ളൂ.

**വായിക്കുക: അ.പ്ര. 24:16 പൗലൊസ് പറഞ്ഞത്, അവൻ എപ്പോഴും ശ്രമിച്ചത് "ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനഃസാക്ഷിയോടെയിരിപ്പാനാണ്'' അത് എന്താണ് അർത്ഥമാക്കുന്നത്? ഓരേ കാര്യം പറയുവാൻ നിങ്ങൾക്ക് എന്തെങ്കിലും മാറ്റേണ്ടതുണ്ടോ?**

**തിങ്കൾ** **സെപ്തംബർ 17**

**ഫെസ്തോസിന് മുമ്പാകെ**

രണ്ടു വർഷങ്ങൾ പൗലൊസിനെ ജയിലിൽ തടഞ്ഞു വച്ചതിനുശേഷം യെഹൂദന്മാരുടെ പ്രീതി സമ്പാദിക്കാനായി മാത്രം ഫെലിക്സിനെ മാറ്റി ആ സ്ഥാനത്ത് പൊർക്ക്യോസ് ഫെസ്തോസ് യെഹൂദരുടെ ഗവർണ്ണർ ആയി (അ.പ്ര. 24:27) ഫെസ്തോസ് എ.ഡി. 60 മുതൽ 62 വരെ ഭരിച്ചു.

**വായിക്കുക: അ.പ്ര. 25:1–5 സത്യം പ്രസംഗിക്കുമ്പോൾ അത് വിശ്വസിക്കേണ്ട ആവശ്യമില്ലാത്തവരിൽ വിരോധത്തിന് അതു കാരണമാവുന്നു എന്ന് വെളിപ്പെടുത്താൻ ഇത് എങ്ങനെ സഹായിക്കുന്നു?**

പൗലൊസിന് എതിരെയുള്ള കുറ്റം ഫെലിക്സിനെ ബോധ്യപ്പെടുത്താനുള്ള ശ്രമം നേരത്തേ തന്നെ ഒരിക്കൽ തോറ്റുപോയതിനാൽ, വീണ്ടും മറ്റൊരു അവസരം നേതാക്കന്മാർ എടുത്തില്ല. എന്തു തോന്നലാൽ ആണ് ഫെസ്തോസ് ആദ്യം യെരൂശലേം സന്ദർശിച്ച് ഒരു സഹായം അപേക്ഷിച്ചത്. അധികാരപരിധിക്ക് ഒരു മാറ്റം പൗലൊസിനെ തിരികെ ഏല്പിക്കാൻ

ആവശ്യപ്പെടുക, കാരണം അവനെ യെഹൂദാ നിയമമനുസരിച്ച് ന്യായാധിപ സംഘത്താൽ വിചാരണ ചെയ്യാൻ കഴിയും.

എന്നിട്ടും അവരുടെ അപേക്ഷ ശരിയായ ഉദ്ദേശത്തെ മറച്ച് വയ്ക്കാനുള്ള വേഷം മാത്രമായിരുന്നു: പൗലൊസിനെ കൊല്ലുക. ഫെസ്തോസ് അവന്റെ പരാതി വീണ്ടും എടുക്കുവാൻ മനസ്സായിരുന്നെങ്കിലും വിചാരണ കൈസര്യയിൽ നടക്കും എന്നാണ് ഫെസ്തോസ് പറഞ്ഞത്. അതിന്റെ അർത്ഥം വിചാരണ നടത്തുന്നത് റോമാ നിയമം അനുസരിച്ചായിരിക്കുമെന്ന്.

ഫെസ്തോസ് കൈസര്യയിൽ മടങ്ങി വന്നപ്പോൾ തന്നെ അവൻ ഭരണസമിതി വിളിച്ചു കൂട്ടി. പൗലൊസിന്റെ എതിരാളികൾ അവനെതിരെ അരോപണങ്ങൾ സമർപ്പിക്കുവാൻ തുടങ്ങി. (അ.പ്ര. 25:7) ഈ പ്രാവശ്യം കുറ്റങ്ങൾ എന്തൊക്കെയാണെന്ന് ലൂക്കോസ് പറയുന്നില്ല, എന്നാൽ പൗലൊസിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ (അ.പ്ര. 25:8) അത് രണ്ടു വർഷങ്ങൾക്കു മുൻപ് ഉണ്ടായിരുന്ന അതേ കാര്യങ്ങൾ തന്നെയാണ് എന്ന് നമുക്കു മനസ്സിലാക്കാൻ സാധിക്കും. ഒരു പക്ഷേ കൂടുതലായി പ്രാധാന്യം കൊടുത്തത് അവൻ ഒരു കലഹക്കാരൻ ആണ്. പൗലൊസും സാമ്രാജ്യ ത്തിനെതിരെ ഒരു ഭീഷണിയെ പ്രതിനിധീകരിച്ചിരുന്നു.

**വായിക്കുക. അ.പ്ര. 25:9–12 ഫെസ്തോസ് അവനെ രാഷ്ട്രീയ കാരണങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും എന്നു മനസ്സിലാക്കിയപ്പോൾ പൗലോസ് എങ്ങനെയാണ് പ്രതികരിച്ചത്?**

അതിന്റെ അവസാനത്തിൽ, രാഷ്ട്രീയ പദ്ധതികളെ കണക്കിലെടുക്കു മ്പോൾ ഫെലിക്സിൽനിന്ന് കൂടുതലായ എന്തെങ്കിലും വ്യത്യാസം ഫെസ്തോസിൽനിന്നും ഉണ്ടായില്ല (അ.പ്ര. 24:27) മുമ്പ് തന്റെ ഭരണസമയത്ത് പൗലൊസ് നിരപരാധിയാണെന്ന് പ്രഖ്യാപിച്ചിരുന്നു. അതുകൊണ്ട് യെഹൂദന്മാരുടെ സഹായം നഷ്ടപ്പെടുത്താൻ മനസ്സില്ലാത്ത പൗലൊസിനെ യെരൂശലേമിൽ ന്യായാധിപസംഘം വിചാരണ ചെയ്യട്ടെ എന്ന അവരുടെ ആവശ്യം അനുവദിക്കുവാൻ അവൻ ചിന്തിച്ചു.

ഇത് എങ്ങനെയായാലും പൗലൊസിന് സ്വീകാര്യമായിരുന്നില്ല, അവിടെ സത്യസന്ധമായ ഒരു വിചാരണ പ്രതീക്ഷിക്കാൻ കഴിയില്ലെന്ന് അവൻ അറിഞ്ഞിരുന്നു. അവന്റെ ശത്രുക്കളുടെ താല്പര്യത്തിന് വിട്ടു. റോമാ പൗരൻ എന്ന അവകാശത്തിന്റെ പ്രത്യേക പരിരക്ഷ പരിഗണിച്ചുകൊണ്ട് അവനെ വിസ്തരിക്കുവാൻ അധികാരമുള്ളത് റോമൻ പ്രത്യേക കോടതിക്ക് മാത്രമേ ഉള്ളൂ എന്ന് അവൻ നിർബ്ബന്ധമായി പറഞ്ഞു. രണ്ട് അപകടം നിറഞ്ഞ സാഹചര്യങ്ങളിൽനിന്ന് പുറത്തുവരാൻ മറ്റു സാധ്യതകളൊന്നും ഇല്ലെന്ന് മനസ്സിലായപ്പോൾ, റോമാ നീതിന്യായത്തിന്റെ ഏറ്റവും ഉന്നതമായ

മാതൃകയ്ക്ക്, റോമൻ സാമ്രാട്ടിന് തന്നെ അപേക്ഷകൊടുക്കുവാൻ അവൻ തീരുമാനിച്ചു.

**ചൊവ്വ** **സെപ്തംബർ 18**

**അഗ്രിപ്പയുടെ മുമ്പാകെ**

റോമിലേക്ക് അയയ്ക്കുക എന്ന പൗലോസിന്റെ അപേക്ഷ അനുവദിക്കുവാൻ ഫെസ്തോസ് അംഗീകരിച്ചു (അ.പ്ര. 25:12) അതേ സമയം തന്നെ ഹെരോദ് അഗ്രിപ്പാ രണ്ടാമനുമായി ചർച്ച ചെയ്യുവാനും, രാജാവിന് പൗലൊസിന്റെ പരാതിയെ സംബന്ധിച്ച് ഔദ്യോഗിക കുറിപ്പ് കൊടുക്കുമ്പോൾ ഏതു തരത്തിലുള്ള വിവരങ്ങളാണ് നൽകേണ്ടത് എന്ന് ചോദിച്ചറിയുവാനും സംസ്ഥാനം സന്ദർശിക്കാനുള്ള പ്രത്യേക അനുമതി ഗവർണ്ണർ രാജാവിൽ നിന്ന് നേടിയെടുത്തു. യെഹൂദാ രീതികളെക്കുറിച്ച് ഫെസ്തോസിന് ആവശ്യമായ അറിവ് ഉണ്ടായിരുന്നില്ല. അഗ്രിപ്പയ്ക്ക് അവനെ സഹായിക്കാൻ കഴിയും. (അ.പ്ര. 26:2)

**വായിക്കുക: അ.പ്ര. 25:13–22 പൗലൊസിനെ കുറിച്ച് ഫെസ്തോസ് അഗ്രിപ്പയോട് പറഞ്ഞത് എന്താണ്? രാജാവ് എങ്ങനെയാണ് പ്രതികരിച്ചത്?**

ഹെരോദാ ശൃംഖലയിലെ അവസാനത്തെ രാജാവായ അഗ്രിപ്പാ രണ്ടാമൻ അവന്റെ സഹോദരി ബർണീസുമായി പുതിയ ഗവർണ്ണർക്ക് അഭിവാദ്യം അർപ്പിക്കുവാൻ വന്നു.

പൗലൊസിന്റെ വ്യവഹാരത്തിന്റെ വിവരണത്തിൽ നിന്ന് ഫെസ്തോസിനെ അത്ഭുതപ്പെടുത്തിയ കാര്യം അവൻ വെളിപ്പെടുത്തി. അതായത് പൗലൊസിനെതിരേ നൽകിയിട്ടുള്ളതിൽ അത് രാഷ്ട്രീയമായാലും നിയമലംഘനമായാലും ഗുരുതരമായ ഒന്നുമില്ല. അതിനു പകരമായി അവർ യെഹൂദാ മതവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും, പ്രത്യേകിച്ച് യേശുവിനെ “മരിച്ചതായിരുന്നു എന്നാൽ ഇപ്പോൾ ജീവിച്ചിരിക്കുന്നു, എന്ന് പൗലൊസ് അസന്നിഗ്ദ്ധമായി (അ.പ്ര. 25:19) മുമ്പ് തന്നെ ന്യായാധിപ സംഘത്തിന് മുമ്പിൽ പ്രസ്താവിച്ചിരുന്നു. അവൻ വിചാരണയിൽ ആകാൻ കാരണം യേശുവിന്റെ ഉയിർപ്പിൽ ഉള്ള വിശ്വാസമാണ്. ഫെസ്തോസ് വ്യക്തമാക്കിയതും അതുതന്നെയാണ്. ഇപ്പോൾ തർക്കത്തിന്റെ പ്രധാന വിഷയവും ഇതു തന്നെയായിരുന്നു.

**വായിക്കുക. അ.പ്ര. 25:23–27 പൗലൊസ് അഗ്രിപ്പായുടെ മുമ്പിൽ ഹാജരായ രീതിയെ ലൂക്കൊസ് എങ്ങനെയാണ് വിവരിക്കുന്നത്?**

“പൗലൊസ് കയ്യിൽ വിലങ്ങുമായി ഒത്തുചേർന്ന വ്യക്തികളുടെ മുമ്പാകെ നിന്നു. എത്ര വ്യത്യസ്തമായിട്ടാണ് ഇവിടെ ഹൗജരാക്കിയത്. അഗ്രിപ്പയും

ബർണീസും അധികാരവും സ്ഥാനവും ഉള്ളവരാണ്. സമൂഹം അവരെ നല്ലതായി കാണുന്നതും അതുകൊണ്ടാണ്. എന്നാൽ ദൈവം ബഹു മാനിക്കുന്ന സ്വഭാവ സവിശേഷതകളിൽ അവർ വളരെ പാവങ്ങളാണ്. അവർ ദൈവ നിയമത്തിന്റെ ലംഘനക്കാരായിരുന്നു. അവിശ്വസ്തർ, ഹൃദയത്തിലും ജീവിതത്തിലും അവരുടെ നിരന്തരമായ പ്രവർത്തനങ്ങൾ സ്വർഗ്ഗത്താൽ വെറുക്കപ്പെട്ടു." Ellen G. White, The Acts of the Apostles, P.434

**മനുഷ്യന്റെ കണ്ണുകൾക്ക് ആനന്ദകരമായി തോന്നിയേക്കാവുന്ന ബാഹ്യരൂപം പലപ്പോഴും ആ ബാഹ്യരൂപത്തിന്റെ പിന്നിലെ യാഥാർത്ഥ്യം തെറ്റിലേക്ക് നയിക്കുന്നതാണ് എന്ന് ഈ കഥ നമ്മളെ എന്തു പഠിപ്പിക്കുന്നു. നമ്മെ സംബന്ധിച്ചും എന്താണ്? പുറമേ കാണുന്നതിൽ നിന്ന് യാഥാർത്ഥ്യം എത്ര വ്യത്യസ്തമാണ്?**

**ബുധൻ** **സെപ്തംബർ 19**

## പൗലൊസിന്റെ പ്രതിരോധം

രാജകീയ അതിഥികൾ ഗവർണ്ണറോടൊപ്പം ഉപവിഷ്ടരായ രംഗത്തേയ്ക്ക് തടവുകാരനെ അവന്റെ വാദം അവതരിപ്പിക്കാൻ കൊണ്ടുവന്നു. ആദ്യമായി ലക്ഷ്യമിട്ടത് അഗ്രിപ്പയുടെ അടുക്കൽ, ഫെസ്തോസിന്റെ അടുക്കൽ നിന്ന് ഇതിന് മുമ്പ് നേരത്തേ കേട്ടിട്ടുണ്ട്.

**വായിക്കുക. അ.പ്ര. 26:1-23 അഗ്രിപ്പയുടെ മുമ്പാകെയുള്ള സംസാരത്തിൽ പൗലൊസ് എന്തുചെയ്യുകയായിരുന്നു?**

പൗലൊസിന്റെ പ്രസംഗം യഥാർത്ഥത്തിൽ തന്റെ മാനസാന്തരത്തിന് മുമ്പും, അതിനുശേഷവുമുള്ള ജീവിതത്തിന്റെ ആത്മകഥാ പ്രസ്താവന യായിരുന്നു. അതിന്റെ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ അ.പ്ര. 22:1-21 വീണ്ടും ഓർക്കാം അത് യെരൂശലേമിൽ ജനകൂട്ടത്തിന് മുമ്പിൽ സംസാരി ച്ചതാണ്.

അഗ്രിപ്പയുടെ ഇഷ്ടം ഉറപ്പാക്കാനുള്ള ശ്രമത്തോടെ അപ്പൊസ്തലൻ ആരംഭിച്ചു. ഇതുപോലെ പ്രമുഖനായ ഒരാളുടെ മുമ്പിൽ അവന്റെ വ്യവഹാരത്തെ അറിയിക്കുവാനുള്ള അവസരം നൽകിയതിലുള്ള മഹത്വത്തെ അവൻ നന്ദിയോടെ സ്വീകരിച്ചു. എല്ലാറ്റിനേക്കാൾ കൂടുതലായി യെഹൂദമതത്തിന്റെ ആചാരങ്ങളും അതിനോട് അനുബന്ധമായിട്ടുള്ള കാര്യങ്ങളിലും നല്ല അറിവുള്ള വ്യക്തിയാണ് അഗ്രിപ്പ. ആ കാരണം കൊണ്ട്, പൗലൊസിനെതിരെ കൊണ്ടുവന്ന കുറ്റങ്ങൾ നിലനിൽക്കുന്നവയല്ലെന്നും അവ വ്യാജമാണെന്നും റോമാ ഗവർണ്ണറെ മനസ്സിലാക്കി കൊടുക്കുവാൻ അഗ്രിപ്പാ ഒരു വലിയ സഹായമായിരിക്കും.

പ്രസംഗം മൂന്നു ഭാഗങ്ങളായി തരം തിരിക്കാം. ഒന്നാമത്തെ ഭാഗം (അ.പ്ര. 26:4-11) അവന്റെ ആദ്യകാലം തികഞ്ഞ ഒരു പരീശനായിരുന്ന ജീവിതത്തേക്കുറിച്ച് വിശദീകരിച്ചു. അത് യെരൂശലേമിലുള്ള അവന്റെ സമകാലീനർക്കും വ്യാപകമായി അറിയാവുന്നതാണ്. ഒരു പരീശനെന്ന നിലയിൽ മരിച്ചവരുടെ ഉയിർപ്പിൽ അവൻ വിശ്വസിച്ചിരുന്നു, അത് യിസ്രായേലിന്റെ പരമ്പരാഗതമായ പ്രതീക്ഷയുടെ നിറവേറലിന് ആവശ്യമായിരുന്നു. ആയതിനാൽ അവന്റെ ഉപദേശങ്ങളെ എതിർക്കുന്നതിൽ യെഹൂദന്മാർ ഒരേ നിലപാടുള്ളവരായിരുന്നില്ല. അതുകൊണ്ട് അടിസ്ഥാനപരമായി യെഹൂദപരമല്ലാത്ത ഒന്നും അതിൽ ഉണ്ടായിരുന്നില്ല. എന്നാൽ അവൻ അവരുടെ മനോഭാവം ശരിക്കും മനസ്സിലാക്കിയിരുന്നു. കാരണം പൗലൊസ് തന്നെ ഒരിക്കൽ കണ്ടിട്ടുണ്ട്. വളരെ അവിശ്വസനീയമായി, ദൈവം യേശുവിനെ ഉയിർപ്പിച്ചതായിരിക്കും എന്ന രീതിയിൽ വിശ്വസിച്ചിരുന്നവരെപോലും അവൻ പീഢിപ്പിച്ചു.

പൗലൊസ് അവസാനമായി പറയുന്നു, അവൻ കണ്ടത് (അ.പ്ര. 26:12-18) അവനിലുണ്ടാക്കിയ സ്വാധീനം വളരെ വലുതായിരുന്നു. മറ്റൊരു തെരഞ്ഞെടുപ്പുമില്ല, അനുസരിക്കുക മാത്രമായിരുന്നു ഉപാധി. അവന്റെ സുവിശേഷ പ്രവർത്തനം ഏറ്റെടുക്കുക, ഇപ്പോൾ വിചാരണയിലായിരിക്കാനുള്ള ഏക കാരണവും അതാണ്. അതുകൊണ്ട് അവന്റെ അറസ്റ്റിന്റെ പിന്നിലുള്ള യഥാർത്ഥകാരണം അവൻ യെഹൂദാ നിയമം ലംഘിച്ചതോ, ദൈവാലയം അപമാനിച്ചതോ അല്ല അതിലുപരിയായി യേശുവിന്റെ ദൂത്, അവന്റെ മരണം, ഉയിർപ്പ് അതുകൊണ്ട് മാത്രമായിരുന്നു; അത് തിരുവചനവുമായി പൂർണ്ണമായി ഒത്തു പോകുന്നതും, ജാതികൾക്ക് വിശ്വസിക്കാനും രക്ഷയിൽ തുല്യ പങ്കാളിത്തം അനുവദിക്കുന്നതുമായിരുന്നു.

**വായിക്കുക. അ.പ്ര. 26:18 ഈ വേദഭാഗമനുസരിച്ച് ക്രിസ്തുവിൽ രക്ഷയുള്ളവർക്ക് എന്തു സംഭവിക്കുന്നു? നിങ്ങൾ എങ്ങനെയാണ് ഈ യാഥാർത്ഥ്യം അനുഭവിച്ചത്?**

**വ്യാഴം** **സെപ്തംബർ 20**

### പൗലൊസ് നേതാക്കന്മാരുടെ മുമ്പിൽ

പൗലൊസ് അഗ്രിപ്പയോടു സംസാരിക്കുകയായിരുന്നെങ്കിലും അ.പ്ര. 26: 24 ൽ കാണുന്നതുപോലെ ഫെസ്തോസാണ് ആദ്യം പ്രതികരിച്ചത്. പൗലൊസ് ആത്മാവിന്റെ അമർത്യതയെക്കുറിച്ച് സംസാരിച്ചിട്ടുണ്ടെങ്കിൽ ഫെസ്തോസിന് ഒരു പ്രശ്നവും ഉണ്ടായിട്ടുണ്ടാവില്ല. എന്നാൽ ഈ രണ്ട് ചിന്താഗതികളും അമർത്യതയും, ഉയിർപ്പും ഒരുമിച്ച് ഒന്ന് മറ്റൊന്നിനോട് നല്ലതായി പോകുകയില്ലെന്ന് പുരാതന യവന റോമാക്കാർ പോലും

അറിഞ്ഞിരുന്നു. അങ്ങനെ അവർ ഒന്നാമത്തേത് സൂക്ഷിക്കുകയും, രണ്ടാമത്തേതിനെ തിരസ്കരിക്കുകയും ചെയ്തു. അതുകൊണ്ടാണ് സുവിശേഷം ജാതികൾക്ക് ഭോഷത്വമാണെന്ന് (1 കൊരി. 1:23) പൗലൊസ് പറയുന്നത്.

വളരെ ആദരപൂർവ്വം പൗലൊസ് തന്റെ ആശയത്തിലെ യുക്തിയെ പ്രതിരോധിച്ച് അഗ്രിപ്പയുടെ നേർക്ക് തിരിഞ്ഞു. ഒരു യെഹൂദൻ അവനെ മനസ്സിലാക്കിയാൽ മാത്രം പോരാ അവൻ പറയുന്ന കാര്യങ്ങൾ എബ്രായ പ്രവാചകന്മാർ പറയുന്നതിനോട് യോജിക്കുന്നതാണെന്ന് ഉറപ്പുവരുത്തുക കൂടി ചെയ്യണം. (അ.പ്ര. 26:25,26)

**വായിക്കുക. അ.പ്ര. 26:27,28 പൗലൊസ് ഏറ്റവും ഊന്നൽ നൽകിയ ചോദ്യത്തിന് അഗ്രിപ്പയുടെ പ്രതികരണമെന്തായിരുന്നു?**

പൗലൊസിന്റെ ചോദ്യം അഗ്രിപ്പയെ പ്രയാസത്തിലാക്കി. ഒരു യെഹൂദനെന്ന നിലയിൽ അവൻ ഒരിക്കലും തിരുവചനത്തിലെ വിശ്വാസത്തെ നിഷേധിക്കാൻ കഴിയില്ല. നേരെമറിച്ച് അവൻ യോജിക്കുന്ന ഒരു ഉത്തരം കൊടുത്തിട്ടുണ്ടെങ്കിൽ, യേശുവിനെ മശീഹയായി അംഗീകരിക്കുകയല്ലാതെ മറ്റൊരു പോംവഴിയുമുണ്ടായിരിക്കുകയില്ല. അവന്റെ മറുപടി, യുക്തിപരമായ കെണിയിൽ നിന്ന് ബുദ്ധിപരമായ രക്ഷപ്പെടലായിരുന്നു. "നീ ഇത്ര വേഗം ഒരു ക്രിസ്ത്യാനിയാകുവാൻ എന്നെ സമ്മതിപ്പിക്കുന്നുവോ".

(അ.പ്ര. 26:28 NRSV; ESV, NIV യുമൊത്ത് താരതമ്യം ചെയ്യുക) പരമ്പരാഗത നീതിയേക്കാൾ, ഗ്രീക്കിന്റെ നല്ല തർജ്ജമയാണ്; "ഒരു ക്രിസ്ത്യാനിയാകുവാൻ നീ ഏകദേശം മുഴുവനുമായി എന്നെ നിർബന്ധിക്കുന്നു."

പൗലൊസിന്റെ പെട്ടെന്നുള്ള മറുപടി സുവിശേഷത്തോട് താല്പര്യപൂർവ്വമായ സമർപ്പണത്തെയാണ് വെളിപ്പെടുത്തുന്നത്. "നീ മാത്രമല്ല, ഇന്ന് എന്റെ പ്രസംഗം കേൾക്കുന്നവർ എല്ലാവരും അല്പം കൊണ്ടാകട്ടെ അധികം കൊണ്ടാകട്ടെ ഈ ചങ്ങല ഒഴികെ എന്നെപ്പോലെ ആകണം എന്ന് ഞാൻ ദൈവത്തോട് അപേക്ഷിക്കുന്നു." (അ.പ്ര. 26:29) ആ വിചാരണയിലെ തന്റെ അവസാനത്തെ വാക്കുകളിൽ അവനെ ശ്രവിച്ചുകൊണ്ടിരുന്നവരേപ്പോലെ സ്വതന്ത്രമാവാൻ അവൻ അപേക്ഷിച്ചില്ല. അതിനുപകരം, അവന്റെ കയ്യിലെ ചങ്ങല ഒഴികെ മറ്റ് എല്ലാ കാര്യങ്ങളിലും അവർ അവനെപ്പോലെ തന്നെയാവണം എന്ന് അവൻ ആഗ്രഹിച്ചു. പൗലൊസിന്റെ സുവിശേഷ മേഖലയിലെ ഉത്സാഹം അവന്റെ സ്വന്തം സുരക്ഷയുടെ കരുതലിനേക്കാൾ വലുതായിരുന്നു.

**വായിക്കുക. അ.പ്ര. 26:30-32 പൗലൊസിന്റെ നിരപരാധിത്വത്തിന്റെ ബോധ്യം അഗ്രിപ്പ എങ്ങനെയാണ് പ്രകടമാക്കിയത്?**

ഫെസ്തോസിന് അഗ്രിപ്പയുടെ സഹായം, പ്രസ്താവന പൂർത്തീകരിക്കാൻ മാത്രം (അ.പ്ര. 25:25–27) ആവശ്യമായിരുന്നു. കൈസരോടുള്ള പൗലൊസിന്റെ അപേക്ഷ ഔദ്യോഗികമായി നേരത്തേ തന്നെ അനുവദിച്ചിരുന്നു (അ.പ്ര. 25:12) തടവുകാരൻ അതിനുശേഷം ഗവർണ്ണറുടെ അധികാര പരിധിയിൻ കീഴിലല്ലായിരുന്നു.

**വായിക്കുക. അ.പ്ര. 26:24–28 പൗലൊസ് അന്തിമമായി എന്തിനാണ് അപേക്ഷിച്ചത്? വിശ്വാസത്തെ സംബന്ധിച്ച വിഷയങ്ങളിൽ എല്ലായ്പ്പോഴും നമ്മുടെ അവസാന അധികാരം എന്താണ് എന്നതിനെക്കുറിച്ച് ഇത് എന്താണ് നമ്മോട് പറയുന്നത്?**

**വെള്ളി** **സെപ്തംബർ 21**

## കൂടുതൽ ചിന്തയ്ക്ക്

"ഈ വാക്കുകളിൽ അഗ്രിപ്പയുടെ മനസ്സ് തന്റെ കുടുംബത്തിന്റെ ഭൂതകാല ചരിത്രത്തിലേയ്ക്കും, അവന് എതിരേ, ആരോടാണോ പൗലൊസ് പ്രസംഗിച്ചുകൊണ്ടിരുന്നത് അവർക്കെതിരെയുള്ള ഫലമില്ലാത്ത ശ്രമങ്ങളിലേയ്ക്കു മടങ്ങിപ്പോയോ?

അവൻ, അവന്റെ മുതുമുത്തച്ഛനായ ഹെരോദാവ് കൂടാതെ ബേത്ലഹേമിലെ നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ കൂട്ടകൊലയെ ചിന്തിച്ചോ? അവന്റെ വലിയമ്മാവനായ അന്തിപ്പാസും, യോഹന്നാൻ സ്നാപകന്റെ കൊലക്കും അവന്റെ പിതാവ് അഗ്രിപ്പാ ഒന്നാമൻ കൂടാതെ അപ്പൊസ്തലനായ യാക്കോബിന്റെ രക്തസാക്ഷിത്വം, ഇതൊക്കെ അവൻ ചിന്തിച്ചോ? ഈ രാജാക്കന്മാർക്ക് പെട്ടെന്ന് സംഭവിച്ച ദുരന്തങ്ങൾ, ദൈവത്തിന്റെ ശുശ്രൂഷകർക്കെതിരേ അവർ ചെയ്ത കുറ്റ കൃത്യങ്ങളുടെ അനന്തരഫലമായ ദൈവത്തിന്റെ അനിഷ്ടത്തിന്റെ തെളിവ് ആയി അവൻ കണ്ടുവോ? അവന്റെ സ്വന്തം പിതാവ്, ഒരു ഏകാധിപതി, അവനേക്കാൾ ശക്തൻ, തിളങ്ങുന്ന വസ്ത്രം ധരിച്ച് നിൽക്കുമ്പോൾ, അവൻ ദൈവമായിരുന്നു എന്ന് ജനങ്ങൾ അട്ടഹസിച്ചു. രണ്ടു ദിവസത്തിന്റെ ആഘോഷവും പ്രകടനവും അവൻ ഓർത്തുവോ? അവൻ മറന്നു കഴിഞ്ഞുവോ? എങ്ങനെ, ആരാധനയുടെ വലിയ ശബ്ദംപോലും കെട്ടടങ്ങുന്നതിന് മുൻപ്, പ്രതികാരം, സ്വയം പുകഴ്ത്തുന്ന രാജാവിന് സംഭവിച്ചു കഴിഞ്ഞിരുന്നുവോ? ഇങ്ങനെ ചില കാര്യങ്ങൾ അഗ്രിപ്പയുടെ ഓർമ്മയിലൂടെ പെട്ടെന്ന് കടന്നുപോയി, എന്നാൽ മുമ്പിലെ വ്യക്തമായ രംഗങ്ങളാൽ അവന്റെ അഹങ്കാരത്തെ നിരപ്പാക്കി. അഹങ്കാരവും, സ്വയം പ്രാധാന്യവും എല്ലാ കുലീന ചിന്തകളേയും ഒഴുക്കിക്കളഞ്ഞു". Ellen G White Comments, the SDA Bible Commerntery Vol 6 PP 1066, 1067.

**ചർച്ച ചെയ്യുക.**

1 കൈസറിനോട് അപേക്ഷിക്കാനുള്ള പൗലൊസിന്റെ തീരുമാനം ക്ലാസ്സിൽ ചർച്ച ചെയ്യുക. ഈ തീരുമാനം ശരിയായിരുന്നോ? (താരതമ്യം ചെയ്യുക. അ.പ്ര. 25:25; 26:31, 32) പൂർണ്ണമായും ദൈവത്തിന്റെ സംരക്ഷണത്തിൽ ആശ്രയിക്കുന്നതിനുപകരം നിയമാനുസൃതം എത്രമാത്രം തന്ത്രപരമായ തീരുമാനങ്ങൾ നമുക്ക് എടുക്കാം?

2 അഗ്രിപ്പയോട് പൗലൊസിന്റെ പ്രസ്താവനയിൽ പ്രതിഫലിക്കുന്നത്. 'അതുകൊണ്ട് അഗ്രിപ്പാ രാജാവേ ഞാൻ സ്വർഗ്ഗീയ ദർശനങ്ങൾക്ക് അനുസരണക്കേട് കാണിക്കാതെ' (അ.പ്ര. 26:19) പൗലൊസിനെക്കുറിച്ച് ഇത് നമ്മോട് എന്തു പറയുന്നു? ക്രിസ്ത്യാനികളായി, സുവിശേഷ വേലയ്ക്കായിട്ടുള്ള വിളിയോട് നാം എത്രമാത്രം വിശ്വസ്തരാണ്? (1 പത്രൊ 2:9,10)

3 പൗലൊസിന് ജനങ്ങളോട് അഗാധമായ സ്നേഹമുണ്ടായിരുന്നു. എണ്ണത്തിൽ അല്ല എന്നാൽ ജനങ്ങൾക്ക് കൈസര്യയിലെ അവന്റെ അവസാനത്തെ വിചാരണയിൽ അവൻ തന്റെ ശ്രോതാക്കളോടു പറഞ്ഞു അവന്റെ ഹൃദയത്തിന്റെ ആഗ്രഹം അവർ എല്ലാവരും അവനെപ്പോലെ ആകണം എന്നു പറഞ്ഞാൽ ദൈവത്തിന്റെ കൃപയാൽ രക്ഷിക്കപ്പെടണം (അ.പ്ര. 26: 29) അവർ എല്ലാം ദൈവത്തിന്റെ രക്ഷ അനുഭവിക്കണം. അതിൽ കൂടുതലായി അവൻ തന്റെ സ്വാതന്ത്ര്യമോ നീതിയോ ആഗ്രഹിച്ചില്ല. ഈ ഉദാഹരണത്തിൽ നിന്ന് ഇവിടെ നമുക്ക് എന്തു പഠിക്കാൻ കഴിയും?

സുവിശേഷത്തിന്റെ പ്രചാരത്തിനായി എത്ര മാത്രം ത്യാഗം സഹിക്കാൻ നാം ഒരുക്കമാണ്?

4 അഗ്രിപ്പയ്ക്ക് പൗലൊസിന്റെ അധരങ്ങളിൽ നിന്ന് നേരിട്ട് സുവിശേഷം ശ്രവിക്കുവാൻ അവസരമുണ്ടായിരുന്നു. എന്നിട്ടു കൂടെ അവൻ അതിനെ തള്ളിക്കളഞ്ഞു. ഇങ്ങനെയുള്ള അവസരങ്ങൾ നമ്മുടെ മുമ്പിൽ നേരിട്ട് ലഭ്യമാകുമ്പോൾ അത് നഷ്ടപ്പെടുത്തി കളയാതിരിക്കാൻ നമുക്ക് എത്രമാത്രം ശ്രദ്ധയുള്ളവരായിരിക്കാം? അതായത് നമ്മുടെ ചുറ്റുമുള്ള യാഥാർത്ഥ്യങ്ങളോട് ആത്മികമായി എത്രമാത്രം ശ്രദ്ധയുള്ളവരായിരിപ്പാൻ നമുക്ക് കഴിയും?

✪ ✪ ✪ ✪